## വിൻസർ പാലസ് ഹോട്ടൽ

90 (3293) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാറിൽ വിൻസർ പാലസ് എന്ന പേരിൽ ഒരു ഹോട്ടൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഈ ഹോട്ടലിന്റെ ഉടമയുടെ പേരും വിലാസവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹോട്ടലിന് എത്ര നില്കളുണ്ട്; എത്ര നിലകൾ നിർമ്മിക്കുവാനാണ് കോർപ്പറേഷൻ അനുമതി നൽകിയിരുന്നത്;

(സി) ടി കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് അനുമതി നൽകിയത്; റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഫയർ അനുമതി ഇല്ലാത്ത ടി ബിൽഡിംഗിന് പെർമിഷൻ ശിപാർശ ചെയ്ത ഉദ്യോഗസ്ഥനെതിരെ എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ കെട്ടിടത്തിന് എത്ര ചതുരശ്ര അടി വിസ്തീർണ്ണം ഉണ്ട്; റോഡിൽ നിന്ന് എത്ര അടി അകലെയാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്;

(എഫ്) കെട്ടിട നിർമ്മാണത്തിൽ നിയമലംഘനം നടത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ കെട്ടിടത്തിന്റെ പ്രവർത്തന അനുമതി റദ്ദാക്കുന്നതിനും ഉടമയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും ഉത്തരവ് നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. ബിജു രമേശ്, സംതൃപ്തി, കിഴക്കേകോട്ട, തിരുവനന്തപുരം-23.

(ബി&സി) ലോവർ ബേസ്മെന്റ് + അപ്പർ ബേസ്മെന്റ് + ഗ്രൗണ്ട് ഫ്ലോർ + 12 + മെഷീൻ റൂം (BII+B+G+12+Machine Room) നിലയുള്ള കെട്ടിടമാണ് നിലവിലുള്ളത്. B+G+8th floor + terrace floor നിർമ്മിക്കുന്നതിന് 1-7-2003-ൽ അനുമതി നൽകിയിട്ടുണ്ട്. ബിൽഡിംഗ് ഇൻസ്പെക്ടറുടെയും അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസറുടെയും ശിപാർശ പ്രകാരമാണ് നഗരസഭ അനുമതി നൽകിയിട്ടുള്ളത്. റിപ്പോർട്ടിന്റെ പകർപ്പ് നഗരസഭയിൽനിന്നും ലഭ്യമായിട്ടില്ല.

(ഡി) അനുമതി നൽകിയ BII+B+G+8 നിലയ്ക്ക് മാത്രം ഫയർ എൻ.ഒ.സി. ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കെട്ടിടത്തിന് 7221.68 ച.മീറ്ററാണ് വിസ്തീർണം. കവടിയാർ-പേരൂർക്കട റോഡിൽനിന്നും 5.25 മീറ്ററും പൈപ്പ് ലൈൻ റോഡിൽനിന്നും 4.5 മീറ്റർ മുതൽ 2.6 മീറ്റർ വരെയും അകലമുണ്ട്. പൈപ്പ് ലൈൻ റോഡോട് ചേർത്ത് ലോവർ ബേസ്മെന്റ് ഫ്ലോർ പണിതിരിക്കുന്നു.

(എഫ്) ഉണ്ട്.

(ജി) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ന്യൂനപക്ഷക്ഷേമ സെല്ലിന്റെ പ്രവർത്തനം

91 (3294) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തിക്കുന്നുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലെ ന്യൂനപക്ഷ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; എത്ര പേർക്ക് പരിശീലനം നൽകി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയുടെ ശിപാർശകൾ കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റിൽ 2008 ഏപ്രിൽ മാസത്തിൽ പൊതുഭരണവകുപ്പിൽ ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. (22-04-2008-ലെ സ.ഉ. (കൈ)നമ്പർ 137/08/പൊ.ഭ.വ.) ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സെല്ലിനെ 2011 ജനുവരി മുതൽ ന്യൂനപക്ഷക്ഷേമവകുപ്പാക്കി ഉയർത്തി. കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിലെ സമഗ്രമായ ഉന്നമനത്തിനുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമാണ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly